## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1636

05.12.2014 ലെ
മറുപടിയ്ക്ക്

### ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് ഭവന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;<br><br>(ബി) പ്രസ്തുത പദ്ധതിപ്രകാരം എത്ര വീട്ടുകൾ 2013-14 സാമ്പത്തിക വർഷം നിർമ്മിക്കാൻ ധനസഹായം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;<br><br>(സി) നടപ്പ് സാമ്പത്തിക വർഷം എത്ര വീടുകൾക്ക് ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ട് ? | (എ) യും (ബി) യും (സി) യും<br>ഉണ്ട്. 2013-14 സാമ്പത്തിക വർഷം മുതൽ ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്കും/ വിവാഹബന്ധം വേർപ്പെടുത്തിയവർക്കുമായി ന്യൂനപക്ഷക്ഷേമ വകുപ്പ് ഭവന പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിലേക്കായി 2013-14 സാമ്പത്തിക വർഷത്തിൽ 19 കോടി രൂപ വകയിരുത്തുകയും തുക പൂർണ്ണമായും ജില്ലാ കളക്ടർമാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. 14 ജില്ലകളിലായി 950 വീടുകൾ (വീടൊന്നിന് 2 ലക്ഷം രൂപ ധനസഹായം) നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയാണ്. 2014-15 സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്തെ 14 ജില്ലകളിലായി 249 വീടുകൾ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ